നം.കെഎസ്എ-കെടിഎം.പി-14/988/2017 തീയതി : 29.06.2017

# കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 22.06.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബു ജോസഫ്,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.06.2017 മുതൽ 22.06.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ പി.ആർ.സജി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ. വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ രാജേഷ് എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷാജിമോൻ പി. ബി. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി മിനി സാവിയോ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ ടി.എം.ആരിഫ് | 01.04.2016 മുതൽ 25.04.2016 വരെ |
| | ശ്രീ.രാജീവ് ആർ. | 26.04.2016 മുതൽ 16.5.16. വരെ |
| | ശ്രീ ടി.എം.ആരിഫ് | 17.5.2016 മുതൽ 10.8.2016 വരെ |
| | ശ്രീ.രാജീവ് ആർ. | 11.8.2016 മുതൽ 16.8.2016 വരെ |
| | ശ്രീമതി.രേഖ ബി.നായർ | 18.8.2016 മുതൽ 23.12.2016 വരെ |
| | ശ്രീ.മാത്യു കെ.ടി. | 24.12.2016 മുതൽ 31.3.2017 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി റോണി വർഗീസ് | 01.04.2016 മുതൽ 4.07.2016 വരെ |
| | ശ്രീമതി. സന്ധ്യ ആർ. | 5.7.2016 മുതൽ 23.8.2016 വരെ |
| | ശ്രീ.അതുൽ ജയപാൽ | 24.8.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| | | |
| വെറ്ററിനറി സർജൻ | ഡോ. പ്രീതി ദാമോദരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീമതി ഡോസി സഖറിയ<br>ശ്രീ ഉണ്ണീഷ് സി.പി<br>ശ്രീ.ജോബി സെബാസ്റ്റ്യൻ | 01.04.2016 മുതൽ 17.7.16വരെ<br>18-7-16 മുതൽ 30.11.16 വരെ<br>1.12.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. രാധിക വിജയൻ | 01.04.16 മുതൽ 07.07.2016 വരെ |
| | ഡോ.ജിസ്സ് ഫ്രാൻസിസ്സ് | 08.07.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി പുഷ്കല പി.എൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ശ്രീമതി ലിലി ജേക്കബ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി ജിസ്സ ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ. ജെയിംസ് ജോർജ്<br>ശ്രീ.അഷ്റഫ് ഖാൻ<br>ശ്രീ. ജെയിംസ് ജോർജ് | 01.04.2016 മുതൽ 1.08.2016 വരെ<br>2.8.2016 മുതൽ 27.9.2016 വരെ<br>28.9.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |

| | |
|---|---|
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | വസ്തു നികുതി – വൻതുക കുടിശ്ശിക |
| 2-3 | ലൈബ്രറി സെസ്സ് – ലൈബ്രറി കൗൺസിലിലേയ്ക്ക് അടയ്ക്കുന്നില്ല |
| 2-4 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയം – അപാകതകൾ |
| 2-5 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-6 | മോട്ടോർ ഫീസ് ഈടാക്കിയതിൽ കുറവ് |
| 2-7 | ഡി & ഒ ട്രേഡ് ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-8 | ഡി & ഒ ട്രേഡ് ലൈസൻസ് നൽകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-2 | വാഴേ കോളനി റോഡ് മെയിന്റനൻസ് – അധികനിരക്ക് നൽകി |
| 3-3 | റോഡ് കോൺക്രീറ്റ് മണ്ണുപണി – അധികനിരക്ക് നൽകി |
| 3-4 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) നടപ്പാക്കിയ പ്രോജക്ടുകൾ |
| 3-5 | ആയുർവേദാശുപത്രിയ്ക്ക് മരുന്നു വാങ്ങൽ – മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല |
| 3-6 | ബിറ്റുമിൻ ഉൾപ്പെട്ട മരാമത്ത് പ്രവൃത്തികൾ – ബാരൽ വില ഈടാക്കിയില്ല |
| 3-7 | അങ്കണവാടി – കേന്ദ്രസഹായം പൂർണ്ണമായും സ്വീകരിച്ചിട്ടില്ല |
| 3-8 | കാർഷിക മേഖലയിൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ പരാജയം |
| 3-9 | പശ്ചിമഘട്ട വികസനപദ്ധതി -ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കേണ്ടതാണ് |

| | |
|---|---|
| | |
| 3-10 | ആശ്രയ-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-11 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ചതിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ് |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 4.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം തൻവർഷം പ്രതീക്ഷിച്ച വരവ്/ചെലവിന്റെയും ലഭ്യമായതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിൽ ലഭിച്ചത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 10453600 | 10398480 | | 55120 | 0.5 |
| വരവ് | 76830000 | 76561765 | | 268235 | 0.34 |
| ആകെ | 87283600 | 86960245 | | 323355 | 0.37 |

| | | | | | |
|---|---|---|---|---|---|
| ചെലവ് | 78510000 | 74130368 | | 4379632 | 5.57 |
| നീക്കിയിരുപ്പ് | 8773600 | 12829877 | 4056277 | | 46.23 |

മുൻവർഷ വരവ് ചെലവുകളെ ശരിയായ രീതിയിൽ വിലയിരുത്തി ബജറ്റ്, യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

വാർഷിക ധനകാര്യപത്രിക നിശ്ചിതസമയത്തിനുള്ളിൽ സമർപ്പിച്ചിട്ടുണ്ട്

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 21.6.17 | റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10398480 |
| വരവ് | 76561765 |
| ആകെ | 86960245 |
| ചെലവ് | 74130368 |
| നീക്കിയിരിപ്പ് | 12829877 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9749959 | 9749959 | 7950033 | 1799926 | 81.5 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2049612 | 2049612 | 1156462 | 893150 | 56.42 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 230835 | 230835 | 80000 | 150835 | 34.66 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7445124 | 7445124 | 4602963 | 2842161 | 61.83 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2861985 | 2861985 | 1011548 | 1850437 | 35.34 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5467593 | 5467593 | 3292050 | 2175543 | 60.21 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2928111 | 2928111 | 0 | 2928111 | 0 |

## 1-6 പദ്ധതി അവലോകനം

2016-17 പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ 21.01.2016ലെ II(2) നമ്പർ പഞ്ചായത്തു കമ്മറ്റി തീരുമാന പ്രകാരം രൂപീകരിച്ചു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 16.02.2016ലും ഗ്രാമസഭകൾ 24.02.2016 മുതൽ 06.03.2016 വരെ തീയതികളിലും നടന്നു. ഊരുകൂട്ടയോഗങ്ങൾ 09.02.16-ൽ ചേർന്നു. വികസന സെമിനാർ 24.07.2016-ൽ നടന്നു. 29.07.2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2016-17 വാർഷിക പദ്ധതി അംഗീകരിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പിലാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 142 | 42377230 | 85 | 19365260 | 33 | 24 | 59.86 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം21.98ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2828987 | 3499095 | 670108 | 23.87(+) |
| നികുതിയേതര വരവുകൾ | 653443 | 731358 | 77915 | 11.92(+) |
| മറ്റുവരവുകൾ | 4710 | 23430 | 18720 | 25.16(+) |
| ആകെ | 3487140 | 4253883 | 766743 | 21.98(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 71880 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 1732920 | 639 |
| വിധവാപെൻഷൻ | 4553510 | 1686 |
| വാർദ്ധക്യകാലപെൻഷൻ | 10965480 | 3901 |
| വികലാംഗപെൻഷൻ | 1862205 | 798 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 394920 | 153 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2017 തീയതി 3.30 പി.എം.-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6447/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. കോട്ടയം ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ 2084/17/DSM/ KTM/ Dt.24.5.17 നം. ഉത്തരവ് പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ലഭിച്ച 78400/- രൂപയുടെ ചെക്ക് (നം. 184257) നാളിതുവരെ പണമാക്കാതെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു. ആംബുലൻസ് റഫറൽ സർവ്വീസിനുവേണ്ടി ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയ 65240/- രൂപ മെഡിക്കൽ ഓഫീസർ 16.5.17ൽ ചെക്ക്നം 856456 പ്രകാരം ലഭ്യമാക്കി എങ്കിലും നാളിതുവരെ പണമാക്കി മാറ്റിയിട്ടില്ല എന്നും ക്യാഷ് ബാലൻസ് പരിശോധനയിൽ കണ്ടെത്തി. ചെക്കുകൾ പണമാക്കി മാറ്റാതെ കൈവശം സൂക്ഷിച്ചിരിക്കുന്ന നടപടി ക്രമപ്രകാരമല്ല.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്ത് ജനറൽ കമ്മറ്റി, വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ എന്നിവയുടെ മിനിട്സ് എഴുതി സൂക്ഷിക്കുന്നുണ്ട്. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക്, ചിട്ട, ഡേ ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യ സ്റ്റേഷനറി, രസീതു ബുക്കുകൾ എന്നിവയുടെ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കൃത്യമായി പരിപാലിയ്ക്കുന്നുണ്ട്. വിവിധ നികുതി/ഫീസിനങ്ങളുടെ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഇതിൽ ജീവനക്കാരുടെ പ്രതിദിന ഡ്യൂട്ടി വിവരം രേഖപ്പെടുത്തുന്നുണ്ട്. ഓഫീസ് ഓർഡർ രജിസ്റ്ററിൽ ജീവനക്കാർക്ക് ജോലിവിഭജനം നടത്തി രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവ് വൗച്ചറുകൾ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്.

ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ പരിപാലിക്കുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതിയുടെ വിവരശേഖരണം കൃത്യമായി ചെയ്യാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച കണക്കുകൾ ശരിയല്ല.

വിവിധ സർക്കാർ ധനസഹായങ്ങളുടെ ധനകാര്യ പത്രികപ്രകാരമുള്ള ചെലവു കണക്കുകൾ സാംഖ്യ എ.സി.ആർ മായി പൊരുത്തപ്പെടുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5/2017 | 4/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-10-2016 | 1997-98 – 2005-06 | LBA(Hq)/8A-1058/848 തീ.27.11.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിലെ സ്ഥാവര ജംഗമ ആസ്തികൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

2) 31.3.17 ലെ ബാലൻസ് ഷീറ്റ് ബി15 ഷെഡ്യൂൾ പ്രകാരം 2550592 രൂപ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ ഉള്ളതായി കാണുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തിയതിലെ പിശകുമൂലമാണ് ഇത്രയും വലിയ കുടിശ്ശിക നിലനിൽക്കുന്നത്.

## 2-2 വസ്തു നികുതി - വൻതുക കുടിശ്ശിക

വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ 2550592/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നു. സഞ്ചയസോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം 31-03-2017ലെ വസ്തുനികുതി കുടിശ്ശിക 2607328/- രൂപയാണ്. സഞ്ചയസോഫ്റ്റ്‌വെയറിലെ വിവരങ്ങളും സാംഖ്യയിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വൻതുക വസ്തുനികുതി കുടിശ്ശികയായിട്ടും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ക്യാമ്പ് കളക്ഷൻ, വീടുകളിൽ നേരിട്ടെത്തി നികുതി പിരിവ് തുടങ്ങിയ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഇക്കാര്യങ്ങളിൽ ഉണ്ടാകേണ്ടതാണ്.

## 2-3 ലൈബ്രറി സെസ്സ് -ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കുന്നില്ല

ബാലൻസ്ഷീറ്റിലെ ബി-9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 257776/- രൂപ ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കുവാൻ അവശേഷിക്കുന്നു. 2015-16 രണ്ടാം അർദ്ധ വർഷം മുതൽ ലൈബ്രറി സെസ്സ് ഇനത്തിൽ തുകയൊന്നും അടവാക്കിയിട്ടില്ല. സർക്കുലർ നമ്പർ 10088/L3/05/ L.S.G.D/ 20.09.2005 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാം ഗഡു നവംബർ 30നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം അപാകതകൾ

സഞ്ചയ പ്രോപ്പർട്ടി ടാക്സ് റവന്യൂ മൊഡ്യൂൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 8 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. 8 മൊബൈൽ ടവറുകളുടെയും വസ്തു നികുതി നിർണ്ണയം നടത്തി നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഒരു ടവറിന്റെ പോലും നികുതി നാളിതുവരെ ഒടുക്കിയിട്ടില്ല. നികുതി ഈടാക്കുന്നതിന് നിയമാനുസൃത നടപടികളും സ്വീകരിച്ചിട്ടില്ല. സഞ്ചയ പ്രകാരമുള്ള മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടവർ കമ്പനിയുടെ പേര് | വാർഡ് നമ്പർ / കെട്ടിട നമ്പർ | വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ | നിർണ്ണയിച്ച അടിസ്ഥാന നികുതി ച.മീറ്ററിന് 500രൂപ നിരക്കിൽ | ഇളവ് | വർദ്ധനവ് | ആകെ നികുതി | 2012-13 മുതൽ 2016-17 വരെ കുടിശ്ശിക തുക |
|---|---|---|---|---|---|---|---|---|
| 1 | ഭാരതി എയർടെൽ | X111/ 531A | 9.7 | 4850 | - | 970 | 5820 | 29100 |
| 2 | ബിഎസ്എൻ എൽ | X11/108A | 7.84 | 3920 | - | 784 | 4704 | 23520 |
| 3 | ബിഎസ്എൻ എൽ | X1V/405A | 10 | 5000 | 500 | 1000 | 5500 | 27500 |
| 4 | ബിഎസ്എൻ എൽ | 1V/455D | 10 | 5000 | - | 1000 | 6000 | 30000 |
| 5 | ഇൻഡസ് ടവേഴ്സ് | 1V/455B | 49 | 24500 | - | 4900 | 29400 | 147000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | ഇൻഡസ് ടവേഴ്സ് | V111/257A | 25 | 12500 | 1250 | 2500 | 13750 | 68750 |
| 7 | ഇൻഡസ് ടവേഴ്സ് | X/ 420C | 27.7 | 13850 | - | 2770 | 16620 | 83100 |
| 8 | ഇൻഡസ് ടവേഴ്സ് | X1/38 | 49 | 24500 | 2450 | - | 22050 | 110250 |
| | ആകെ | | | | | | | 519220 |

പഞ്ചായത്ത് ജീവനക്കാരുടെയും സാങ്കേതിക വിഭാഗം ജീവനക്കാരുടെയും സാന്നിദ്ധ്യത്തിൽ 20-06-2017 ൽ ക്രമ നമ്പർ 1, 2, എന്നിവ പ്രകാരം പരാമർശിച്ചിട്ടുള്ള രണ്ട് ടവറുകൾ പരിശോധിച്ചതിൽ ടവറുകളുടെ തറ വിസ്തീർണ്ണം സഞ്ചയയിൽ നിന്നും ലഭ്യമായതിലും വളരെ കൂടുതലുള്ളതായി കണ്ടെത്തി. സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടവർ കമ്പനിയുടെ പേര് | വാർഡ് നം., കെട്ടിട നമ്പർ | സ്ഥലപരിശോധനയിൽ കണ്ടെത്തിയ തറ വിസ്തീർണ്ണം ച.മീറ്ററിൽ | തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ച.മീറ്ററിന് 500/രൂപ നിരക്കിൽ ഈടാക്കാവുന്ന നികുതി | അനുവദനീയമായ ഇളവ് | അനുവദനീയമായ വർദ്ധനവ് | ആകെ നിർണ്ണയിക്കാവുന്ന നികുതി | 2012-13 മുതൽ 2016-17 വരെ കുടിശ്ശിക തുക |
|---|---|---|---|---|---|---|---|---|
| 1 | ഭാരതി എയർടെൽ | X111/ 531A | 42.48 | 21240 | - | 4248 (20%) | 25488 | 127440 |
| 2 | ബിഎസ്എൻ എൽ | X11/108A | 20.43 | 10215 | - | 2043 (20%) | 12258 | 61290 |
| | | | | | | | | 188730 |

ക്രമ നമ്പർ ഒന്ന് പ്രകാരം പരാമർശിച്ചിട്ടുള്ള ഭാരതി എയർടെൽ ടവറിന്റെ നികുതി യഥാർത്ഥ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചാൽ പ്രതിവർഷം 19668 രൂപ അധികം ലഭിക്കുന്നതാണ്. ക്രമ നമ്പർ രണ്ട് ബി.എസ്.എൻ. എൽ. ടവറിന്റെ നികുതി യഥാർത്ഥ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചാൽ പ്രതിവർഷം 7554/- രൂപ അധികം ലഭിക്കുന്നതാണ്. മേൽ പ്രസ്താവിച്ച പ്രകാരം യഥാർത്ഥ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതെ നികുതി നിർണ്ണയം നടത്തിയത് മൂലം 2012-13 മുതൽ 2016-17 വരെ മേൽ പരാമർശിച്ച 2 ടവറുകളുടെ വസ്തു നികുതിയിനത്തിൽ മാത്രം 136110/- ( 19668+7554x 5) രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.10.14ലെ 40395/Rc2/2014/ LSGD നമ്പർ സർക്കുലർ പ്രകാരം അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തു നികുതി നിർണ്ണയം നടത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കേണ്ടതായിരുന്നു എങ്കിലും നാളിതുവരെ ആയത് നടപ്പാക്കിയിട്ടില്ല. പഞ്ചായത്ത് സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹകരണത്തോടെ എല്ലാ മൊബൈൽ ടവറുകളുടെയും തറ വിസ്തീർണ്ണം തിട്ടപ്പെടുത്തി വസ്തു നികുതി നിർണ്ണയം പുന:പരിശോധിക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഇനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | തിരുവിതാംകൂർ ദേവസ്വംബോർഡ് – തിടനാട് മഹാദേവ ക്ഷേത്രം | ജീവനക്കാരുടെ | ഒന്നാം അർദ്ധ വർഷം |
| 2 | മാവേലിസ്റ്റോർ തിടനാട് | സ്ഥാപന തൊഴിൽ നികുതി | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 3 | തിരുവിതാംകൂർ ദേവസ്വംബോർഡ് വട്ടക്കാവ് ദേവീ ക്ഷേത്രം | ജീവനക്കാരുടെ | ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9ന് ലഭ്യമാക്കിയ മറുപടിയിൽ നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-6 മോട്ടോർ ഫീസ് ഈടാക്കിയതിൽ കുറവ്

2016-17 സാമ്പത്തിക വർഷം ഡി &ഒ ട്രേഡ് ലൈസൻസ് അനുവദിച്ചപ്പോൾ ചില സ്ഥാപനങ്ങളിൽ നിന്നും ഉപയോഗിക്കുന്ന മോട്ടോറിന്റെ കുതിരശക്തിക്കനുസരിച്ച് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | വ്യാപാരത്തിന്റെ സ്വഭാവം | ഉപയോഗിക്കുന്ന മോട്ടോറിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് (രൂപ) | ഈടാക്കിയ ഫീസിന്റെ വിശദാംശങ്ങൾ (രൂപ) | കുറവ് |
|---|---|---|---|---|---|---|
| 1 | പി.എസ്. സെബാസ്റ്റ്യൻ, പാസ്ലാനിയിൽ | മെറ്റൽ ക്രഷർ | 300HP+ 125Kva | 3000+835=3835 | 1000/- 11601100006/16-22.7.16 | 2835 |
| 2 | ലിസ് ജിന്റോ, പൊരിയത്ത് | ബോർമ്മ | 10Hp | 100 | - | 100 |
| 3 | ഫിലോമിന കുരുവിള, കോക്കാട്ട് | ഫ്ലോർമിൽ | 10Hp | 100 | - | 100 |
| | ആകെ | | | | | 3035 |

ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7-ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കി അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസിനത്തിൽ കുറവ് വന്ന 3035/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-7 ഡി & ഒ ട്രേഡ് ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2015-16 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയിട്ടുള്ള പല സ്ഥാപനങ്ങളും 2016-17 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | വാർഡ് നമ്പർ | കെട്ടിട നമ്പർ | വ്യാപാരത്തിന്റെ സ്വഭാവം |
|---|---|---|---|---|
| 1 | ജിന്റോ എബ്രാഹം, പൊരിയത്ത് | X111- | 375A | കേസരി ഫ്രയിം വർക്ക്സ് |
| 2 | ലിസ്സി ഫിലിപ്പ് | X1V | 305A | കോഴി ഫാം |
| 3 | അലക്സ്കുട്ടി ജോസഫ്, നാഗരൂർ | X- | 511A | കോഴി ഫാം |
| 4 | നോബി തോമസ്സ്, കിണറുകര | V11- | 385A | കോഴി ഫാം |
| 5 | പീറ്റർ പൗലോസ്, കരോട്ട് പുള്ളോലിൽ | 1V- | 101A | കോഴി ഫാം |
| 6 | ജോബി ജോർജ്, തെക്കുംചേരിൽ | 1V- | 178A | കോഴി ഫാം |
| 7 | ഇമ്മാനുവേൽ ജോസഫ്, പൊട്ടനാനിയിൽ | X11- | 307A | കോഴി ഫാം |
| 8 | ലക്ഷ്മികുട്ടിയമ്മ & ശ്രീകുമാർ, കല്ലറങ്ങാട്ട് | 1V- | 140A,B | കോഴി ഫാം |

മേൽ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ചും, പ്രവർത്തിക്കുന്നുണ്ട് എങ്കിൽ ലൈസൻസ് നേടിയാണോ പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ചും വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.8ന് ലഭ്യമാക്കിയ മറുപടിയിൽ പല സ്ഥാപനങ്ങളും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നു. മലിനീകരണ നിയന്ത്രണ ബോർഡ് പോലെയുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകേണ്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാകാത്ത സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നതിന് സാഹചര്യം ഒരുക്കുന്ന നടപടി ക്രമപ്രകാരമല്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 2-8 ഡി& ഒ ട്രേഡ് ലൈസൻസ് നൽകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഡി&ഒ ട്രേഡ് ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയിൽ സ്ഥാപന ഉടമ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം ഇപ്രകാരം ലൈസൻസിനായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാമായിരുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് | വ്യാപാരത്തിന്റെ വിവരം | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | അനിൽകുമാർ. വി.റ്റി. മാനേജർ, ചെട്ടിനാട് സിമന്റ് കോർപറേഷൻ | സിമന്റ് വ്യാപാരം | 5 |

| | | | |
|---|---|---|---|
| 2 | മാനേജിംഗ് ഡയറക്ടർ, മാരികോൺ പേവേഴ്സ് പ്രൈ.ലിമിറ്റഡ് | ടൈൽ നിർമ്മാണം | 5 |
| 3 | മാത്തുക്കുട്ടി ജോസഫ്, ഉളുഴിയിൽ | പെട്രോൾ പമ്പ് | 4 |
| 4 | മേഴ്സിയമ്മ വർക്കി, ഞായർകുളം | പെട്രോൾ പമ്പ് | 6 |
| 5 | ആനി സാജു, ഉണ്ടിയിൽ | ഓഫ് സെറ്റ് പ്രസ്സ് | 5 |
| 6 | ഷിജു കെ.ആർ., കണിയാംപറമ്പിൽ | ശിവാനി അസ്സോസിയേറ്റ്സ് | 4 |
| 7 | ഡെന്നീസ് സെബാസ്റ്റ്യൻ, കുമ്മണ്ണൂപറമ്പിൽ | വുഡ് ഇൻഡസ്ട്രീസ് | 4 |
| 8 | പ്രസിഡന്റ് | അമൃതം ഫുഡ് മിക്സ്സ് യൂണിറ്റ് | 5 |
| 9 | സുജിത് ഡേവിഡ്, പരവരാകത്ത് | ജ്യൂസ് നിർമ്മാണം | 4 |
| 10 | സുമേഷ് മാത്യു, ഉളുഴിയിൽ | ഹൈറേഞ്ച് എന്റർ പ്രൈസസ് | 4 |
| 11 | ജേക്കബ് ജോർജ് , നീണ്ടൂർ | റബ്ബർ ബാൻഡ് നിർമ്മാണം | 5 |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ട് എങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. തനത് വരുമാനം കുറവായ ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി വിവിധ പ്രോജക്ടുകൾ പ്രകാരം കെ.എസ്.ഇ.ബി.യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ വിവരമോ പ്രോജക്ടിന്റെ പൂർത്തീകരണ വിവരമോ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | പേര് | നിക്ഷേപിച്ച തുക | ബിൽ നം/ തീയതി | തുക നിക്ഷേപിച്ച സ്ഥാപനം |
|---|---|---|---|---|
| 102/17 | തിടനാട് പി.എച്ച്.സി- കൊട്ടാരത്തിൽ കടവ് റോഡിൽ സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 50975 | 11/17/ 27.1.17 | കെ.എസ്.ഇ.ബി പിണ്ണാക്കനാട് |
| 103/17 | തണ്ണീനാൽ നെടുഞ്ചേരി റോഡിന് സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 70100 | 12/17/ 27.1.17 | കെ.എസ്.ഇ.ബി പിണ്ണാക്കനാട് |

| | | | | |
|---|---|---|---|---|
| 105/17 | ചെമ്മലമറ്റം കരിമ്പനോലി റോഡിന് സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 56005<br>56595<br>-------<br>112600 | 13/17/ 27.1.17<br>23/17/ 27.1.17 | കെ.എസ്.ഇ.ബി പിണ്ണാക്കനാട് |
| 106/17 | കാളകെട്ടി ഓണാനി റോഡിൽ സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 57350 | 14/17/ 27.1.17 | കെ.എസ്.ഇ.ബി പിണ്ണാക്കനാട് |
| 108/17 | പിണ്ണാക്കനാട് ചേറ്റുതോട് റോഡ് സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 57350 | 15/17/ 27.1.17 | കെ.എസ്.ഇ.ബി പിണ്ണാക്കനാട് |
| 109/17 | പിണ്ണാക്കനാട് പടിഞ്ഞാറ്റുമല റോഡ് സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 49700 | 22/17/ 27.1.17 | കെ.എസ്.ഇ.ബി പിണ്ണാക്കനാട് |
| 110/17 | പിണ്ണാക്കനാട് ശാന്തിനഗർ റോഡ് സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 40350 | 16/17/ 27.1.17 | കെ.എസ്.ഇ.ബി പിണ്ണാക്കനാട് |
| 111/17 | പിണ്ണാക്കനാട് ലക്ഷംവീട് കോളനി റോഡ് സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 40350 | 17/17/ 27..17 | കെ.എസ്.ഇ.ബി പിണ്ണാക്കനാട് |
| 112/17 | പടിഞ്ഞാറെ കുരിശ് മാടമല ഗ്രീൻസിറ്റി റോഡ് സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 99850 | 18/17/ 27.1.17 | കെ.എസ്.ഇ.ബി പിണ്ണാക്കനാട് |
| 113/17 | തിടനാട് പള്ളി ജംഗ്ഷൻ പടിഞ്ഞാറെ കുരിശ് റോഡ് സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 56600 | 19/17/ 27.1.17 | കെ.എസ്.ഇ.ബി പിണ്ണാക്കനാട് |
| 114/17 | കാവുംകണ്ടം ആറാട്ട് കടവ് റോഡിൽ സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 57350 | 20/17 27.1.17 | കെ.എസ്.ഇ.ബി പിണ്ണാക്കനാട് |
| 115/17 | മൂന്നാംതോട്- പൂവത്താട് റോഡിൽ സ്ട്രീറ്റ് മെയിൽ വലിയ്ക്കൽ | 99100 | 21/17 27.1.17 | കെ.എസ്.ഇ.ബി ഭരണങ്ങാനം |
| | ആകെ | 791675 | | |

വിനിയോഗ/പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 791675/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 വാഴേ കോളനിറോഡ് മെയിന്റനൻസ്-അധികനിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | വാഴേ കോളനിറോഡ് മെയിന്റനൻസ്<br>0073/17 |
| ഫണ്ടിനം /അടങ്കൽ | 375000/- മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| കൺവീനർ | രാജു പാലത്തറ |

| | |
|---|---|
| അളവുപുസ്തകം | 14/16-17 |
| എഗ്രിമെന്റ് നമ്പർ | 14/AE/16-17 Dt.4-1-17 |
| ചെലവ്/ ബിൽ നമ്പർ | 365477/- (43/16-17/29.3.17) |
| കൺവീനർക്ക് നല്കിയത് | 336238/- |

വാഴേ കോളനി റോഡിന്റെ തോടിനോട് ചേർന്ന ഭാഗം 132 മീറ്റർ നീളത്തിൽ 32 എം.എം ജി.ഐ പൈപ്പും എം.എസ് ആംഗിളും ഉപയോഗിച്ച്(പോസ്റ്റ്) വേലിതീർക്കുന്നതായിരുന്ന പ്രോജക്ട്, ജി.ഐ പൈപ്പും, എം.എസ് ആംഗിളും ഒരുമിച്ച് ഉപയോഗിച്ച് വേലി തീർക്കുന്നതിന് ഡി.എസ്.ആർ ൽ നിരക്ക് ഇല്ലാത്തതിനാൽ ജി.ഐ പൈപ്പിന് ഡി.എസ്.ആർ 2014 ലെ 10.26.3 പ്രകാരം ഹാൻഡ് റെയിലിനുള്ള നിരക്കും, എം.എസ് ആംഗിളിന് ഡി.എസ്.ആർ 2014 ലെ 10.25.2 പ്രകാരം ഗാർഡ് ബാർ ,ലാഡർ,റെയിലിംഗ് എന്നിവയ്ക്കുള്ള നിരക്കുമാണ് നല്കിയിട്ടുള്ളത്. അളവുപുസ്തകം, കൺവീനർ ഹാജരാക്കിയിട്ടുള്ള ബില്ലുകൾ എന്നിവ പ്രകാരം പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ള ജി.ഐ പൈപ്പ് 32.മി.മീറ്ററിന്റേതാണ് ഇതിന് നല്കുന്നതിന് തയ്യാറാക്കിയ ഡാറ്റ (ഡി.എസ്.ആർ 10.26.3) 40 മി.മീ ജി.ഐ പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തിയുടേതാണ്. പൈപ്പ് 32 മി.മീ ഉപയോഗിക്കുമ്പോൾ ഡാറ്റാ പരിഷ്കരിക്കേണ്ടതായിരുന്നു. ഇതു ചെയ്യാത്തതു മൂലം കൺവീനർക്ക് അധിക നിരക്ക് നല്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. 32 എം.എം പൈപ്പ് ഉപയോഗിക്കുമ്പോൾ നൽകാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു. ( ഡി.എസ്.ആർ 10.26.3 പരിഷ്കരിച്ചത്).

Providing and fixing hand rail of approved size by welding etc. to steel ladder railing, balcony railing, staircase railing and similar works, including applying priming coat of approves steel primer.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for hand rail of railing of two flights of staircase, length of hand rail = 5.40 m<br>MATERIAL:<br>G.I. pipe 32 mm nominal bore = 5.40m<br>Add wastage @ 5% = 0.27m<br>Total = 5.67 m | | | | |
| 1549 | G.I. pipes 32 mm dia | metre | 5.67 | 180 | 1020.6 |
| 2271 | Carriage of G.I. pipes below 100 mm dia<br>(5.67m @ 3.279 kg/m = 18.59 kg)<br>Priming coat 32 mm dia. Tube -<br>5.4x22/7x0.0483 = 0.82 sqm | tonne | 0.0186 | 94.65 | 1.76 |
| 13.50.3 | Rate as per item Number13.50.3 of SH:<br>Finishing | sqm | 0.82 | 29.10 | 23.86(A) |
| 1215 | Welding by electric plant<br>(joints of hand rail and ballustards)<br>18x4x1.00 = 72cm<br>LABOUR:<br>Labour for cutting assembling & erection | cm | 72.0 | 2.00 | 144.00 |

| | | | | | |
|---|---|---|---|---|---|
| 0102 | Blacksmith 1st class | Day | 0.24 | 435 | 104.4 |
| 0114 | Beldar | Day | 0.9 | 329 | 296.1 |
| 0100 | Bandhani | Day | 0.12 | 363 | 43.56 |
| 9999 | Sundries - | L.S | 12.48 | 1.73 | 22.21 |
| Add Water Charges @ 1% except on A ie<br>on (1656.68-23.86=1632.82 ) | | | | | 16.33 |
| TOTAL | | | | | 1673.01 |
| Add OH @ 5% except on A ie<br>on ( 1656.68-23.86=1632.82 ) | | | | | 81.64 |
| Cost of 18.59 kg | | | | | 1754.65 |
| Cost of 1 kg | | | | | 94.38 |
| Say | | | | | 94.39 |
| Cost index 1.4667 | | | | | 138.44 |

മേൽ പറഞ്ഞ പ്രവൃത്തിക്ക് നൽകിയതും നൽകാവുന്നതും അധികം നൽകിയതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയത്<br>@148.9/kg | നൽകാവുന്നത്<br>@138.44/kg | അധികം നൽകിയത് |
|---|---|---|---|
| ജി.ഐ പൈപ്പിന് 1731.31കി.ഗ്രാം | 257792.05 | 239682.56 | 18109.49 |
| ആകെ | | | 18109.49 |

അധികതുക നല്കിയതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1) നല്കിയ മറുപടിയിൽ എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നതിൽ കൂടുതൽ പ്രവൃത്തി കൺവീനർ ചെയ്തിട്ടുണ്ട് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. ആയതിനാൽ നഷ്ടം വന്ന തുക കൺവീനറിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതലയാണ്.

## 3-3 റോഡ് കോൺക്രീറ്റ് മണ്ണുപണി - അധികനിരക്ക് നൽകി

2016-17 വർഷം പഞ്ചായത്തിൽ 13 റോഡുകൾ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റിലെ ഇനം 1 ആയി ഉൾപ്പെടുത്തി ചെയ്തിട്ടുള്ളത് സബ് ഗ്രേഡിന് താഴെ 300 മി.മീ കനത്തിൽ മണ്ണ് ഇളക്കി വെള്ളം തളിച്ച് ഉറപ്പിക്കുന്ന പ്രവൃത്തിയാണ് MoRD സ്പെസിഫിക്കേഷൻ 3-15-2 ലെ റോളർ ഒഴിവാക്കി പരിഷ്കരിച്ച നിരക്കാണ് ഇതിന് നല്കിയിട്ടുള്ളത്. എന്നാൽ അളവുപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം മണ്ണുപണി 150 മി.മീ കനത്തിലാണ് നടത്തിയിട്ടുള്ളത് . ഇതിന് അനുവദനീയമായ നിരക്ക് (റോളർ ഉൾപ്പെടെ).

| |
|---|
| 3.15.1<br>Compacting Original Ground<br>(i) Compacting original ground supporting embankment<br>Loosening, Levelling and Compacting original ground supporting embankment to facilitate placement of first layer of embankment, scarified to a depth of 150 mm, mixed with water at OMC and then compacted by rolling so as to achieve minimum dry density as given in Tables 300.1 and 300.2 for embankment construction as per Technical Specification Clause 301.4.1. |

| Mord SOR Code | Ref. to MoRD Spec. | Description | Unit | Quantity | Rate Rs | Cost Rs | Remarks/Input ref. |
|---|---|---|---|---|---|---|---|
| | 301.4 | Unit = cum<br>Taking output = 600 cum<br><br>a) Labour | | | | | |
| L-12 | | Mate | Day | 0.08 | 363 | 29.04 | |
| L-29 | | Mazdoor (Unskilled)<br><br>b) Machinery | Day | 2.0 | 329 | 658 | |
| P&M-178 | | Tractor with ripper attachment | hour | 6.0 | 168.75 | 1012.5 | |
| P&M-160 | | Three wheel 80 -100 KN Static Roller | hour | 7.5 | 200 | 1500 | |
| P&M-165 | | Water tanker 6KL capacity<br><br>c) Material | hour | 4.0 | 150 | 600 | |
| M-189 | | Water | Kilo litre | 24.0 | 13 | 312 | MR177 |
| TOTAL | | | | | | | 4111.54 |
| Cost of 600.0 cum | | | | | | | 4111.54 |
| Cost of 1 cum | | | | | | | 6.85 |
| Add Overhead charge 7.5% | | | | | | | 0.52 |
| Total | | | | | | | 7.37 |
| With Cost indux 1.4667 | | | | | | | 10.81 |

150 മി.മീ കനത്തിൽ മണ്ണ് പണി നടത്തി അളവ് രേഖപ്പെടുത്തുകയും 300 മി.മീ കനത്തിൽ മണ്ണ് പണി നടത്തിയതിന്റെ നിരക്ക് നല്കുകയും ചെയ്തതുമൂലം ചെയ്യാത്ത പ്രവത്തിക്ക് തുക നല്കിയിട്ടുള്ളതായി കാണുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ചെയ്ത അളവ് | നല്കിയ തുക | നല്കാവുന്ന തുക@10.81/ഘ.മീ | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | തിടനാട്-തോട്ടുപുറം റോഡ് 87/17 | 23.29 | 1206.32-30.158 =1176.16 | 251.76 | 924.4 |
| 2 | ഹെൽത്ത് സെന്റർ-അമ്പാടി 56/17 | 21.4 | 1095.05-27.37 =1067.68 | 231.33 | 836.35 |
| 3 | പൂവാനിക്കടവ് വെള്ളത്തമല 55/17 | 23.32 | 1207.76-30.194 =1177.566 | 252.08 | 925.48 |
| 4 | കൈരളിജംഗ്ഷൻ-വലിയപാറ 59/17 | 23.32 | 1207.76-30.194 =1177.566 | 252.08 | 925.48 |
| 5 | ചെമ്മലമറ്റം -വടക്കേനെടുഞ്ചേരി 72/17 | 23.32 | 1207.76-30.194 =1177.566 | 252.08 | 925.48 |
| 6 | വാഴക്കുഴപ്പടി-വല്യച്ചൻമല66/17 | 23.32 | 1206.32-30.158 =1176.16 | 252.08 | 924.08 |
| 7 | വാരിയാനിക്കാട്മിച്ചഭൂമി 76/17 | 23.29 | 1206.32-30.158 =1176.16 | 251.76 | 924.4 |
| 8 | കൊണ്ടൂർ-ഇഞ്ചക്കാട് 63/17 | 23.32 | 1206.94-30.17 =1176.77 | 252.08 | 925.48 |
| 9 | പി.എച്ച് സെന്റർ -പുളിക്കാമല 71/17 | 23.36 | 1207.76-30.194 =1177.566 | 252.52 | 925.04 |
| 10 | അമ്പലം പടിഞ്ഞാറേനട 99/17 | 23.28 | 1206.32-30.158 =1176.16 | 251.65 | 924.51 |
| 11 | പിണ്ണാക്കനാട് നക്ഷം വീട് 77/17 | 18.09 | 937.06-23.42 =913.64 | 195.55 | 718.09 |

| | | | | | |
|---|---|---|---|---|---|
| 12 | വലിയ കലുങ്ക്-ഗാന്ധി സിറ്റി – 81/17 | 23.32 | 1207.76-30.194 =1177.566 | 252.08 | 925.48 |
| 13 | കാളകെട്ടി-ഓണാനി – 75/17 | 23.32 | 1207.76-30.194 =1177.566 | 252.08 | 925.48 |
| | | | | | 11729.75 |

മേൽ പറഞ്ഞ അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2) എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 3-15-1 പ്രകാരമുള്ള നിരക്കുകൾ വെബ്സൈറ്റിൽ ഇല്ലായിരുന്നു എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. അളവു പുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിക്ക് മാത്രമേ തുക നല്കാൻ കഴിയൂ എന്നതിനാൽ മറുപടി സ്വീകാര്യമല്ല. നഷ്ടം വന്ന തുക പ്രവൃത്തികളുടെ കൺവീനർമാരിൽ നിന്നോ അധിക തുക അനുവദിച്ച എൻജിനീയറിൽ നിന്നോ ഈടാക്കി അതാത് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 3-4 മെഡിക്കൽ ഓഫീസർ (ആരോഗ്യം) നടപ്പാക്കിയ പ്രോജക്ടുകൾ

മെഡിക്കൽ ഓഫീസർ ( പി.എച്ച്. സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ രണ്ട് പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി പണം ഒടുക്കി എങ്കിലും മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | 43/17 | പ്രോജക്ട് നമ്പർ | 44/17 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| വകയിരുത്തൽ | 50000/- (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | വകയിരുത്തൽ | 100000/- (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 50000/ | ചെലവ് | 100000/ |
| ബിൽ നമ്പർ | 5/16-17- 25.2.17 | ബിൽ നമ്പർ | 3/16-17- 10-02-17 |
| തുക ഒടുക്കിയ ഏജൻസി | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | തുക ഒടുക്കിയ ഏജൻസി | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ- ഓപ്പറേറ്റീവ് ഫാർമസി |

മരുന്നുകൾ നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ രണ്ട് പ്രോജക്ടുകൾക്ക് വേണ്ടി ചെലവഴിച്ച 150000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ആയുർവേദാശുപത്രിയ്ക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രോജക്ട് നം. 42/17

മെയിന്റനൻസ് ഫണ്ട് (റോഡിതരം) -150,000

ഡി.ഡി.നം.269521 തീ.17.11.16

2016-17 വർഷം ആയുർവേദാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി 150,000/- രൂപ ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. 30.12.16 ലെ ഇൻവോയിസ് നം.1396 പ്രകാരം 80403/- രൂപയുടെ മരുന്ന് മാത്രമാണ് ആയുർവേദാശുപത്രിയ്ക്ക് ലഭ്യമായിട്ടുള്ളത്. 69,597/- രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ 69,597/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ബിറ്റുമിൻ ഉൾപ്പെട്ട മരാമത്ത് പ്രവൃത്തികൾ-ബാരൽ വില ഈടാക്കിയില്ല

2016-17 വർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ വകയിരുത്തിയത് സീൽഡ് ബിറ്റുമിന്റെ വിലയാണ്. ഈ സാഹചര്യത്തിൽ ബാരലുകൾ കേട് കൂടാതെ തിരികെ ഏൽപ്പിക്കുകയോ അല്ലാത്ത പക്ഷം സർക്കാർ അംഗീകരിച്ച നിരക്കിൽ ബാരൽ വില പ്രവൃത്തി ബില്ലുകളിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതായിരുന്നു.എന്നാൽ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് തുക ഈടാക്കുകയോ ബാരൽ തിരികെ നല്കുകയോ ചെയ്തിട്ടില്ല . പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രോജക്ട്/പ്രോജക്ട് നം. | കൺവീനർ | ബാരൽ എണ്ണം | വില 268/no നികുതി ഉൾപ്പെടെ |
|---|---|---|---|---|
| 1 | തിടനാട്-കുന്നംപുറം റോഡ് 084/17 | ജോസഫ് സി.ഡി | 24 | 6432 |
| 2 | കുന്നംപുറം അമ്പലം 083/17 | ഗിരീഷ് പിള്ള | 6 | 1608 |
| 3 | കാവുംകുളം ആറാട്ടുകടവ് 085/17 | തോമസ് എൻ.ജെ | 39 | 10452 |
| 4 | കൊണ്ടൂർ-മുക്കാലിക്കടവ് 061/17 | രാജേഷ് | 18 | 4824 |
| 5 | ബാങ്കുപടി-മുക്കാലിക്കടവ് 062/17 | ജോമിജോൺ | 12 | 3216 |
| | ആകെ | | | 26532 |

അപാകതയിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6) മറുപടി നല്കിയിട്ടില്ല. കൺവീനർമാരിൽ തുക ഈടാക്കുകയോ ബാരൽ തിരികെ ലഭ്യമാക്കി ലേലം ചെയ്ത് മുതൽകൂട്ടുകയോ ചെയ്യേണ്ടതാണ്.

## 3-7 അങ്കണവാടി -കേന്ദ്രസഹായം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല

തിടനാട് ഗ്രാമപഞ്ചായത്തിലെ മൂന്ന് അങ്കണവാടികൾ നിലവിൽ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. (NO.68, No.120, NO.139)പൂരകപോഷകാഹാര പരിപാടിയ്ക്കായി ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയിൽ 31.3.2017 ൽ 420383/- രൂപ നീക്കിയിരുപ്പുണ്ട്. (B4ഷെഡ്യൂൾ പ്രകാരം). സ.ഉ.നം.39033/ഡി.സി.2/2010/ത.സ്വ.ഭ.വ.തീ.3.9.2010

പ്രകാരം പൂരക പോഷകാഹാര പരിപാടിയ്ക്ക് (എസ്.എൻ.പി) ലഭ്യമാകുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുകവിനിയോഗിച്ച് സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്ന കേന്ദ്രസഹായം അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 3-8 കാർഷിക മേഖലയിൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ പരാജയം

തിടനാട് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ചെറുകിട നാമമാത്ര കർഷകരാണ്. എന്നാൽ ഈ മേഖലയിൽ ഏറ്റെടുത്തു നടപ്പിലാക്കുന്ന പ്രോജക്ടുകൾ വളരെ വിരളമാണ്. പച്ചക്കറികൃഷി ടെറസ്സിലും, മുറ്റത്തും (വനിത), തെങ്ങിന് ജൈവവളം എന്നീ രണ്ടു പ്രോജക്ടുകൾ മാത്രമാണ് കൃഷിഓഫീസർ നടപ്പിലാക്കിയിട്ടുള്ളത്. 6 പ്രോജക്ടുകൾക്കായി 3295114/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും 2 പ്രോജക്ടുകൾക്കായി 152875/- രൂപ (വകയിരുത്തിയ തുകയുടെ 4.6%) മാത്രമാണ് തൻ വർഷം ചെലവഴിച്ചിട്ടുള്ളത്. കാർഷിക മേഖലയിൽ കൃഷിക്കാർക്ക് പ്രയോജനകരമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 പശ്ചിമഘട്ട വികസനപദ്ധതി - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കേണ്ടതാണ്

തിടനാട് ഗ്രാമപഞ്ചായത്തിൽ 2002-2012 കാലഘട്ടത്തിൽ ലഭിച്ചതും ഇതുവരെ ചെലവഴിക്കാത്തതുമായ പശ്ചിമഘട്ട വികസന പദ്ധതി വിഹിതം 407106/- രൂപ സെക്രട്ടറിയുടെ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ അവശേഷിക്കുന്നു. ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയും, പലിശയും പശ്ചിമഘട്ട സെൽ ജോയിന്റ് ഡയറക്ടറുടെ പേരിൽ ചെക്ക് മുഖേന നൽകണമെന്ന് 4.10.2016 ലെ 720/15/ഡബ്ലിയു.ജി/ഡി.പി.ഒ/കെ.ടി.എം കത്ത് പ്രകാരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ തുക തിരികെ അടവാക്കിയിട്ടില്ല. പശ്ചിമഘട്ട വികസനത്തിനായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 407106/- രൂപ നിശ്ചിത ശീർഷകത്തിൽ തിരികെ അടവാക്കേണ്ടതാണ്.

## 3-10 ആശ്രയ -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. 165/17

വികസന ഫണ്ട് – 2,00,000/-

ചെലവ് -20,000/- (ബിൽ നം.15/16-17 തീ.30.03.2017)

ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട ശ്രീ.വർഗ്ഗീസ് ദേവസ്യ (ജോയി), ഉമിക്കുഴിയിൽ എന്ന വ്യക്തിയ്ക്ക് ഭവനനിർമ്മാണത്തിനായി 20,000/- രൂപ ആദ്യ ഗഡു നൽകിയിട്ടുണ്ട്. ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട ടിയാളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് അഡ്വാൻസ് തുക നൽകിയിട്ടുള്ളത്. ആശ്രയ ലിസ്റ്റിലുൾപ്പെട്ട ടിയാളുടെ ഭവനനിർമ്മാണം കുടുംബശ്രീ മുഖേന (സി.ഡി.എസ്) നടപ്പിലാക്കാതെ ഗുണഭോക്താവിന് തുക നേരിട്ട് നൽകിയത് ക്രമപ്രകാരമല്ല. അവശതയനുഭവിക്കുന്ന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിയ്ക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2) 2015-16 ൽ ഭവനനിർമ്മാണം ആരംഭിച്ച ആശ്രയ ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2015-16 സാമ്പത്തിക വർഷം ജവഹർലാൽ നെഹ്റു ജയന്തി ഭവനനിർമ്മാണം ജനറൽ (ആശ്രയ) വിഭാഗത്തിലുൾപ്പെടുത്തി സാബു, കാവുകുളം, തിടനാട് എന്ന വ്യക്തിയ്ക്ക് 140000/- രൂപ നൽകിയിട്ടുണ്ട്. 2016-17ൽ ടിയാളുടെ ഭവനനിർമ്മാണം പൂർത്തീകരണത്തിനായി 60,000/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും, ടിയാൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തതിനാൽ തുകയൊന്നും ചെലവില്ല. ആശ്രയ ഗുണഭോക്താവായ ശ്രീ.സാബുവിന്റെ ഭവനനിർമ്മാണം സി.ഡി.എസ് മുഖാന്തിരം പൂർത്തീകരിയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചതിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി 1,00,000/- രൂപയും കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്നും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പ്രോജക്ടിനായി ലഭിച്ച 1,12,500/- രൂപയും ലഭിച്ചിരുന്നത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്നു. ആയത് തൻവർഷം വിനിയോഗിച്ചിട്ടില്ല. ജി.ഒ.(പി)നം.7/2017/ഫിൻ/23.01.17 ലെ നിർദ്ദേശാനുസരണം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചതും വർഷാവസാനം വിനിയോഗിക്കാതെ അവശേഷിക്കുന്നതുമായ തുക സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് , കോട്ടയം | 2016-17 | 112500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 112500 |
| ജില്ലാപഞ്ചായത്ത് , കോട്ടയം | " | 1000000 | ജലനിധിവിഹിതം | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | " | 900000 | ജലനിധിവിഹിതം | 900000 | 0 |
| " | " | 100000 | പാലിയേറ്റീവ് പരിചരണം | 0 | 100000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവുവിളക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ (വിവിധ പ്രോജക്ടുകൾ) | | 791685 | | 791685 |
| ഭൂജല വകുപ്പ് | കുഴൽ കിണർ നിർമ്മാണം | | 99998 | 99998 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ്/ചെലവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7175/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-4 | 1175 | സൈമൺ വർഗ്ഗീസ്,സെക്രട്ടറി | 11601100639/4.06.2016 |
| 2012-13 | | 6000 | മേരി കെ.ഇട്ടൂപ്പ് | 1160140007/3.8.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാംവകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 (ജനകീയാസൂത്രണം) | 2(1) | 2003-04 | 3.5.2 | ജലസേചന പദ്ധതികൾ- മുൻഗണനാ ക്രമം തെറ്റിച്ച് മെറ്റീരിയൽ വാങ്ങിയ ഇനത്തിൽ ഭീമമായ നഷ്ടം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 1999-00 | | 2003-04 | പേജ്63 | 1.നിർവ്വഹണം നടത്താതെ മരാമത്ത് പണിയ്ക്ക് 50,000/- രൂപ മുൻകൂർ നൽകി.<br>2.മരാമത്ത് പണികൾ അനുവദനീയമായതിലും കൂടുതൽ മെറ്റീരിയൽ ഉപയോഗിച്ചു.<br>3.വനിത സ്വയംസഹായ സംഘങ്ങൾക്ക് സബ്സിഡി- പ്രോജക്ടിന് വിരുദ്ധമായി നൽകിയത് – 24000/- | -- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76561765 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74130368 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29839 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1011272 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 18109 | ശ്രീ.ജയിംസ് ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 11730 | ശ്രീ.ജയിംസ് ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 29839 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 791675 | ശ്രീ.മാത്യു കെ.ടി., സെക്രട്ടറി |
| 3-4 | 150000 | ഡോ.ജിസ് ഫ്രാൻസീസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-5 | 69597 | ശ്രീമതി ലിലി ജേക്കബ്, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ആകെ | 1011272 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയിംസ് ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തിടനാട് ഗ്രാമപഞ്ചായത്ത് | മടുക്കക്കുഴി, പാദുവ പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 98-99 ചെലവ് | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (1)/25.8.11 | | |
| 99-2000 ചെലവ് | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (4)/25.8.11 | | |
| 2000-01, 2001-02 | എൽ.എഫ്.കെ.പി.7/17/04/3.2.03 | | |
| 2002-03 ചെലവ് | എൽഎഫ്.പി.7/184/05/7.5.07 | | |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (5)/25.8.11 | | |
| 96-97വരവ് | എൽ.എഫ്.കെ.പി.3/913/ 07/21.11.08 | | |
| 1997-98 വരവ് | എൽ.എഫ്.കെ.പി.3/914/07/20.4.09/ 12.6.09 | | |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി.3/919/07/20.4.09 | | |
| 2001-02 | എൽ.എഫ്.കെ.പി.3/918/07/20.4.09 | | |
| 2002-03 വരവ് | എൽ.എഫ്.കെ.പി.3/920/07/20.4.09 | | |
| 2003-04 വരവ് | എൽ.എഫ്.കെ.പി.1/960/അദാ (സി)/2011 (6)/ 25.8.11 | | |
| 2004-05 | എൽ.എഫ്.കെ.പി.1/960/അദാ (സി3)/2011 (7)/ 25.8.11 | | |
| 2005-06 | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (8)/25.8.11 | | |
| 2006-07 | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 | | |

| | | | |
|---|---|---|---|
| | (9)/25.8.11 | | |
| 2007-08 | എൽ.എഫ്.കെ.പി.2/344/12/8.5.12 | | |
| 2008-09 | എൽ എഫ്.കെ.പി.2/444/11/30.4.13 | | |
| 2009-10 | എൽ.എഫ്.കെ.പി.2/445/11/8.2.13 | | |
| 2010-11, 11-12 | എൽ.എഫ്.കെ.പി.2/817/13/3.12.13 | | |
| 2012-13 | എൽ.എഫ്.കെ.പി.2/1469/14/ 4.3.15 | | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.2/1669/ 15/15.4.16 | | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.2/1049/ 16/21.7.16 | | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.2/1738/ 16/12.11.16 | | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെഎസ്എ-കെടിഎം.പി.14/988/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 29.06.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-1-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം